CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കർമ്മല കുസുമം


വാർത്തയും വ്യക്തിയും
ബൈബിൾ എങ്ങനെ വായിക്കണം
മണ്മറഞ്ഞ മഹാരഥന്മാർ
ഈശോയുടെ വലിയ കുടുംബം
മാതാവിന്റെ വസ്ത്ര ശേഖരം
ദിവ്യകാരുണ്യ അത്ഭുതങ്ങൾ
പുഷ്പ്പിക്കുന്ന കുരിശുകൾ



KARMALA KUSUMAM, MALAYALAM MONTHLY
Vol. No. 66, Issue No. 8, August 2022, Rs. 15/-
Annual Subscription Rs. 180/-





ISSN 2319-1295


## തമസ്ക്കരിക്കപ്പെട്ട നായകൻ

## തുടരുന്ന ക്രൈസ്തവപീഡനങ്ങൾ

## ബ്രദർ കെവിൻ പീറ്ററുടെ കണ്ണുനീരിൽ കുരുത്ത 'കാസ'

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA


# കർമ്മല കുസുമം

പ്രഥമം • പ്രബുദ്ധം • പ്രവാചകം

മലയാളത്തിലെ പ്രഥമ ക്രിസ്തീയ കുടുംബ മാസിക

സ്ഥാപിതം : 1903

**2022 ഓഗസ്റ്റ്**

**പുസ്തകം: 120 ലക്കം 8**



*മാനേജിംഗ് ഡയറക്ടർ*
**ഫാ. മാത്യൂസ് ചക്കാലയ്ക്കൽ സി.എം.ഐ.**

*കൗൺസിലർ, എഡ്യൂക്കേഷൻ & മീഡിയ*
**ഫാ. സ്കറിയ എതിരേറ്റ് സി.എം.ഐ.**

*മാനേജിംഗ് എഡിറ്റർ*
**ഫാ. ഷാജി ഏണേക്കാട്ട് സി.എം.ഐ.**

*എഡിറ്റോറിയൽ ബോർഡ്*
**ഡോ. ജോസഫ് കുരീത്തറ സി.എം.ഐ.**
**ഫാ. ആന്റണി ഞള്ളമ്പുഴ സി.എം.ഐ.**

*ചീഫ് എഡിറ്റർ*
**ഡോ. ജോസി കൊല്ലമ്മാലിൽ സി.എം.ഐ.**



**വാർഷികവരിസംഖ്യ: ₹ 180 മുൻകൂർ**

BANK ACCOUNT DETAILS:
A/c. Holder Name: Manager, Karmalakusumam
S.B.I., Mahatma Gandhi University Campus Branch
A/c No. 67071950258 IFSC : SBIN-0070669

**മണിട്രാൻസ്ഫർ വഴി വരിസംഖ്യ അടയ്ക്കുന്നവർ പ്രസ്തുത വിവരം ഓഫീസിൽ അറിയിക്കേണ്ടതാണ്.**



വിലാസം:
**മാനേജർ, കർമ്മല കുസുമം**
**മാന്നാനം പി.ഒ., കോട്ടയം 686 561**
**ഫോൺ 0481 2597296**
e-mail: stjosephspress1846@gmail.com





**കർമ്മലകുസുമം മാസിക പ്രസിദ്ധീകരണത്തിന്റെ 119–ാം വർഷത്തിൽ**

## കർമ്മല കുസുമം 100 വർഷങ്ങൾക്കു മുമ്പ്

### ദൈവം നോക്കുന്നു

റിപ്പാർദോ എന്നൊരുവൻ, അന്യന്റെ പറമ്പിൽ ചില വിലയേറിയ കനികൾ മൂത്തുകിടക്കുന്നതിനെക്കണ്ട് അവയെ മോഷ്ടിക്കുന്നതിന് തുനിഞ്ഞു. 10 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന മോനീസിയെന്ന തന്റെ പുത്രനെയും വിളിച്ചുകൊണ്ട് ഉത്തമമായ ഒരവസരം നോക്കി പുറപ്പെട്ടു. വഴി നടന്നുപോകയിൽ താൻ ഒരു പറമ്പിൽനിന്ന് ചില കനികളെ എടുക്കുവാൻ പോകുന്നുവെന്നും, താൻ പറമ്പിൽ പ്രവേശിച്ച് കനികളെ എടുത്തു മടങ്ങിവരുന്നതുവരെ, പറമ്പിന്റെ വാതുല്ക്കൽനിന്ന് വല്ലവരും ആ വഴിയെ വന്ന് തന്നെ കാണുന്നുണ്ടോയെന്ന് സൂക്ഷിച്ച് വിവരം താഴ്ന്നസ്വരത്തിൽ തന്നെ അറിയിക്കണമെന്നും മറ്റും റിപ്പാർദോ പല വിധത്തിലും പല പ്രാവശ്യവും പറഞ്ഞ് മോനീസിയെ മനസ്സിലാക്കി. ഇങ്ങിനെ നിശ്ചയിച്ച സ്ഥലത്തു ചെന്നെത്തിയപ്പോൾ റിപ്പാർദോ അവയെല്ലാം വീണ്ടും പറഞ്ഞ് ഉറപ്പിച്ച് മോനീസിയെ പറമ്പിന് പുറത്തുനിർത്തി, തനിയെ പറമ്പിനകത്ത് പ്രവേശിച്ചു.

കനികളെ ചുമന്നുകൊണ്ടു പോകുന്നതിനായി താൻ കൊണ്ടുവന്നിരുന്ന പാത്രത്തെ തോളിൽ നിന്നിറക്കി താഴത്തുവച്ചു. തന്റെ പുത്രന്റെ സാമർത്ഥ്യത്തിന്മേൽ മുഴുവൻ ഉറപ്പില്ലാത്ത റിപ്പാർദോ വീണ്ടും വീണ്ടും കണ്ണുകളെ നാലുവശത്തോട്ടും തിരിച്ചുനോക്കി മനസ്സിനെ ഒരുവിധം ഉറപ്പിച്ചു. കനികളെ എടുക്കുന്നതിനായി കൈനീട്ടുകയിൽ മോനീസി താഴ്ന്നസ്വരത്തിൽ "അപ്പാ, ദൈവം നോക്കുന്നു" എന്ന് വിളിച്ചു പറഞ്ഞു. റിപ്പാർദോയുടെ ഉപദേശമനുസരിച്ച് മോനീസി പറഞ്ഞത് താഴ്ന്നസ്വരത്തിലായിരുന്നതിനാൽ, "നോക്കുന്നു" എന്നുള്ളത് മാത്രമെ അയാൾ കേട്ടുള്ളൂ. ഇതിനാൽ റിപ്പാർദോ അത്യന്തം ഭയന്നു. കുറെനേരത്തേക്ക് എന്തോ ചെയ്യുന്ന ഭാവം കാണിച്ചു. നോക്കിയതാരെന്നറിവാനായി അങ്ങോട്ടും ഇങ്ങോട്ടും നോക്കിത്തുടങ്ങി. കുറെസമയം സൂക്ഷിച്ചാറെയും ഒരുത്തരേയും കാണാഞ്ഞതിനാൽ, മകന്റെ സൂക്ഷ്മക്കുറവിന്മേലും ഭോഷത്വത്തിന്മേലും അല്പം അരിശപ്പെട്ടു വീണ്ടും കൈനീട്ടി കനികളെ പറിക്കുവാൻ തുടങ്ങി. അപ്പോൾ മോനീസി വീണ്ടും കുറെക്കൂടെ ഉയർന്ന സ്വരത്തിൽ "അപ്പാ ദൈവം നോക്കുന്നു" എന്ന് വിളിച്ചു പറഞ്ഞു. ഈ വാക്കുകൾ ഒരസ്ത്രംപോലെ റിപ്പാർദോയുടെ ഉള്ളിൽ പ്രവേശിച്ചു. ഇതിനോടെ അയാൾ സ്വന്ത ദുഷ്ടതയെ ഗ്രഹിച്ച് തണ്യവഴിയെ ഉപേക്ഷിച്ച് ശേഷിച്ചിരുന്ന തന്റെ ആയുസ്സുകാലം മുഴുവൻ ഒരുത്തമ ക്രിസ്ത്യാനിയായി ജീവിക്കയും ഭാഗ്യമായി മരണം പ്രാപിക്കയും ചെയ്തു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CELEBRATING 119 YEARS ANNIVERSARY

പ്രസിദ്ധീകരണത്തിന്റെ 119-ാം വർഷം

കർമ്മല കുസുമം

പ്രഥമം • പ്രബുദ്ധം • പ്രവാചകം

# തമസ്ക്കരിക്കപ്പെട്ട നായകൻ

**"സീറോ-മലബാർ സഭയിലെ എല്ലാ അംഗങ്ങളുടെയുംമേൽ അധികാരമുണ്ടായിരുന്ന ഒരു വികാരിജനറാൾ ആയിരുന്നു ചാവറപ്പിതാവ്. ഇന്ന് ദൈവപരിപാലനയിൽ സീറോ-മലബാർ സഭയുടെ അദ്ധ്യക്ഷനായി ദൈവം എന്നെ തിരഞ്ഞെടുത്തിരിക്കുന്നു. ഒരർത്ഥത്തിൽ പറഞ്ഞാൽ ഞാൻ ചാവറപ്പിതാവിന്റെ പിൻഗാമിയാണ്. അദ്ദേഹം ഇരുന്ന കസേരയിലാണ് ഞാനിപ്പോൾ ഇരിക്കുന്നത്."**

*(Footprints of Holiness, 2014)*

**"ചാവറപ്പിതാവിന്റെ ധീരവും ശക്തവുമായ നിലപാടില്ലായിരുന്നുവെങ്കിൽ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ കേരള സുറിയാനി സഭ വഴിതെറ്റിപ്പോവുകയോ ഇല്ലാതാവുകയോ ചെയ്യുമായിരുന്നു എന്ന ചരിത്രവസ്തുത നാം പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു."**

*(Deepika Souvenir, 2004)*

ചാവറപ്പിതാവ് ആരായിരുന്നുവെന്നും എന്തുചെയ്തുവെന്നും ആഴത്തിൽ മനസ്സിലാക്കിയ സീറോ-മലബാർ സഭയുടെ മുൻ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ വാക്കുകളാണിവ.

ചാവറപ്പിതാവ് കേരള പാഠാവലിയിൽനിന്നും പുറത്താക്കപ്പെട്ടു എന്ന് നാം വിലപിക്കുമ്പോൾ അദ്ദേഹം ഈ സഭയുടെ പിതാവാണെന്നും, അദ്ദേഹം ഇല്ലായിരുന്നുവെങ്കിൽ ഈ സീറോ-മലബാർ സഭ ഇന്നുണ്ടാകുമായിരുന്നില്ലായെന്നും, അദ്ദേഹവും അദ്ദേഹത്തിന്റെ പിൻഗാമികളും നൽകിയ ശക്തമായ നേതൃത്വത്തിലാണ് ഈ സഭ പ്രതിസന്ധികളെ അതിജീവിച്ചതെന്നും മനസ്സിലാക്കിയവർ ഈ സീറോ-മലബാർ സഭയിൽ എത്ര പേരുണ്ടെന്നും, അദ്ദേഹത്തെ കാലാകാലത്തോളം നന്ദിയോടെ ഒരു പിതാവിനടുത്ത സ്ഥാനം നൽകി സ്മരിക്കേണ്ടതാണെന്നുമുള്ള ചിന്തകൾ വച്ചുപുലർത്തുന്നവർ എത്രപേരുണ്ട് എന്നുമൊക്കെ ചിന്തിക്കേണ്ട ഒരവസരമാണിത്.

സീറോ-മലബാർ സഭയിലെ ഒരു രൂപതയിൽ ഈ അടുത്തകാലത്ത് പണിയിക്കപ്പെട്ട ഒരു ദേവാലയത്തിൽ വിദേശികളും സ്വദേശികളുമായ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രതിമകളോ ഛായാചിത്രങ്ങളോ സ്ഥാപിക്കപ്പെട്ടിരിക്കുന്നതായി ശ്രദ്ധിച്ചു. പക്ഷെ, ചാവറപ്പിതാവ് തമസ്ക്കരിക്കപ്പെട്ടു.

സീറോ-മലബാർ സഭയുടെ ഒട്ടുമിക്ക രൂപതകളിലും വിശുദ്ധന്മാരുടെയോ വാഴ്ത്തപ്പെട്ടവരുടെയോ കബറിടങ്ങളിലേക്ക് തീർത്ഥാടനങ്ങൾ നടത്തപ്പെടാറുണ്ട്. എന്നാൽ സീറോ-മലബാർ സഭയെ സംരക്ഷിച്ചവന്റെ കബറിടത്തിലേക്ക് യാതൊരു റാലികളും, തീർത്ഥാടനങ്ങളും ഇല്ല.

ചാവറപ്പിതാവ് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ട അവസരത്തിൽ എല്ലാ ദേവാലയങ്ങളിലും ജനങ്ങളുടെ അറിവിലേക്കായി കുർബാന മദ്ധ്യേ വായിക്കുവാനായി KCBC യും സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പും പുറപ്പെടുവിച്ച സർക്കുലറുകൾ ഒട്ടുമിക്ക ദേവാലയങ്ങളിലും തമസ്ക്കരിക്കപ്പെട്ടു എന്നാണറിയുവാൻ കഴിഞ്ഞത്.

കുറെ വർഷങ്ങൾക്കുമുമ്പ്, സീറോ-മലബാർ സഭയിലെ ചില രൂപതകളിലെ മതബോധന പാഠപുസ്തകങ്ങളിൽ ചാവറപ്പിതാവ് സീറോ-മലബാർ സഭയുടെ ആരാധനക്രമത്തെ നശിപ്പിച്ചുവെന്നും വികൃതമാക്കിയെന്നും കാണുവാൻ സാധിച്ചു.

പാഠപുസ്തകത്തിൽനിന്നും ചാവറപ്പിതാവ് പുറത്തായതിനെതിരെ ദിനപത്രങ്ങളും സമൂഹമാദ്ധ്യമങ്ങളും പ്രതികരിച്ചപ്പോൾ ഒന്നോ രണ്ടോ രൂപതാദ്ധ്യക്ഷന്മാർ ഒഴികെ മറ്റ് രൂപതാദ്ധ്യക്ഷന്മാർ ആരും ഇതിനെതിരെ പ്രതികരിക്കുകയോ പത്രപ്രസ്താവനകൾ നടത്തുകയോ ചെയ്തതായി കണ്ടില്ല.

ചാവറപ്പിതാവ് സ്ഥാപിച്ച സന്യാസസഭകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും ആശ്രമങ്ങളും മഠങ്ങളും ഇതിനെതിരെ ശക്തമായി പ്രതികരിക്കേണ്ടിയിരുന്നു.

ഏതാനും വർഷങ്ങൾക്കുമുമ്പ് സീറോ-മലബാർ സഭയിലെ ഒരു രൂപതയിലെ യുവദീപ്തി പ്രവർത്തകർ ചാവറപ്പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥാടനം നടത്തുവാൻ തയ്യാറെടുപ്പുകൾ നടത്തിയപ്പോൾ രൂപതാനേതൃത്വം ഇടപെട്ട് അത് റദ്ദാക്കിയ ദുഃഖകരമായ വാർത്ത അധിക



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മാരും അറിഞ്ഞിട്ടില്ല. ഇനിയുമുണ്ട് വേദനിപ്പിക്കുന്ന ഉദാഹരണങ്ങൾ...

സത്യത്തിൽ സഭാമക്കൾ തന്നെയല്ലേ ചാവറപ്പിതാവിനെ തമസ്ക്കരിക്കുന്നത്? അദ്ദേഹത്തിന്റെ പിൻഗാമികളായി വാഴുന്ന സീറോ-മലബാർ രൂപതകളിലെ എത്ര മെത്രാന്മാരുടെ അരമനകളിൽ അദ്ദേഹത്തിന്റെ ഒരു ഛായാചിത്രം വച്ച് അദ്ദേഹത്തെ ആദരിക്കുന്നുണ്ട്? തൃശൂർ സാഹിത്യ അക്കാദമിയിൽപോലും അദ്ദേഹത്തിന്റെ ഛായാചിത്രം സ്ഥാപിച്ചിരിക്കുന്നു. ഇനിയുമുണ്ട് അദ്ദേഹം തമസ്ക്കരിക്കപ്പെടുന്നതും തമസ്ക്കരിക്കപ്പെട്ടതുമായ ഉദാഹരണങ്ങൾ.

രണ്ടായിരം വർഷത്തോളം പാരമ്പര്യമുള്ള സീറോ-മലബാർ സഭയുടെ ആദ്യത്തെ വികാരി ജനറാളായിരുന്നു ചാവറപ്പിതാവെന്ന് നാം പുതിയ തലമുറയെ പഠിപ്പിക്കേണ്ടേ? അദ്ദേഹം ഏതെങ്കിലും ഒരു രൂപതയുടെ വികാരി ജനറാൾ അല്ലായിരുന്നു. സീറോ-മലബാർ സഭയുടെ വികാരി ജനറാളായിരുന്നു. ഒരു മേജർ ആർച്ചുബിഷപ്പിനടുത്ത സ്ഥാനം അലങ്കരിച്ചവൻ.

സീറോ-മലബാർ സഭയെ ഭംഗിയായി ഭരിക്കുവാൻ സഭയെ നാല് സോണുകളായി തിരിച്ച് ഓരോ സോണിനും ഓരോ വികാരി ജനറാളന്മാരെ നിയോഗിച്ച് സഭയുടെ ഭരണസംവിധാനങ്ങൾ സുഗമമാക്കിയത് അദ്ദേഹമല്ലേ?

നസ്രാണിക്കത്തോലിക്കരുടെ ആദ്യത്തെ പ്രസ്സും ആദ്യത്തെ വിദ്യാലയവും ചാവറപ്പിതാവാണ് സ്ഥാപിച്ചതെന്ന് പുതിയ തലമുറയെ പഠിപ്പിക്കേണ്ടതല്ലേ?

മാർപാപ്പയുടെ അനുവാദമില്ലാതെ സീറോ-മലബാർ സഭയെ ഭരിക്കുവാനായി കേരളത്തിലെത്തിയ തോമസ് റോക്കോസിനെ മാർപാപ്പയുടെ അനുവാദത്തോടുകൂടിത്തന്നെ ഇവിടെനിന്നും കെട്ടുകെട്ടിച്ച് സഭയെ വലിയ ശീശ്മയിൽനിന്നും രക്ഷിച്ച ചാവറപ്പിതാവിനെ പുതിയ തലമുറയ്ക്ക് നാം പരിചയപ്പെടുത്തേണ്ടതല്ലേ?

ഭാരതത്തിലെ ആദ്യത്തെ അഗതിമന്ദിരവും കേരളത്തിലാദ്യമായി കുരിശിന്റെ വഴി എന്ന ഭക്താഭ്യാസവും അധഃകൃതരുടെ ഉന്നമനത്തിനായി പിടിയരി, കെട്ടുതെങ്ങ്, നൂറ്റിക്കഞ്ഞ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതും ചാവറപ്പിതാവാണെന്ന് നാം പുതിയ തലമുറയെ പഠിപ്പിക്കേണ്ടതല്ലേ? നൽമരണ സഭ/നൽമരണ സഖ്യം ആരംഭിച്ചതും ചാവറപ്പിതാവല്ലേ?

സീറോ-മലബാർ സഭയുടെ ആരാധനക്രമങ്ങളുടെ നവീകരണം (*ചാവറയച്ചനും ആരാധനക്രമ നവീകരണങ്ങളും* എന്ന ലേഖനം കാണുക) നടത്തിയതും കേരളസഭയ്ക്കുവേണ്ട പ്രാർത്ഥനാപുസ്തകങ്ങളും വിജ്ഞാനപ്രദമായ പുസ്തകങ്ങളും രചിച്ചതും ചാവറപ്പിതാവല്ലേ?

മലയാളഭാഷയിലെ ആദ്യത്തെ ഖണ്ഡകാവ്യവും, ആദ്യത്തെ നാടകങ്ങളും, നാലായിരത്തിഎഴുന്നൂറോളം വരികളുള്ള *ആത്മാനുതാപം* എന്ന മഹാകാവ്യവും, ആയിരക്കണക്കിനുമേൽ വരികളുൾക്കൊള്ളുന്ന മരണവീട്ടിൽ പാടുന്നതിനുള്ള പാനയും, മലയാളഭാഷയിലെ ആദ്യത്തെ ജീവചരിത്ര പുസ്തകവുമൊക്കെ രചിച്ചത് നമ്മുടെ ചാവറപ്പിതാവായിരുന്നു എന്ന് പുതിയ തലമുറയെ നാം പഠിപ്പിക്കേണ്ടതല്ലേ?

സവർണ്ണരെയും അവർണ്ണരെയും ആദ്യമായി ഒന്നിച്ചിരുത്തി പഠിപ്പിക്കുവാൻ ധൈര്യപ്പെടുകയും പട്ടിണിപ്പാവങ്ങളായ കുട്ടികൾക്ക് ഉച്ചക്കഞ്ഞി സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തത് ചാവറപ്പിതാവാണെന്ന് പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കേണ്ട ഉത്തരവാദിത്വം നമുക്കില്ലേ? ക്രൈസ്തവരെ മാത്രമല്ല അക്രൈസ്തവരെയും അദ്ദേഹം കൈപിടിച്ചുയർത്തി.

സ്ത്രീശാക്തീകരണത്തിനായി മഠം സ്ഥാപിക്കുകയും സ്ത്രീകളെ കൈത്തൊഴിലുകൾ അഭ്യസിപ്പിക്കുകയും ചെയ്ത ചാവറപ്പിതാവിനെ വരുന്ന തലമുറയ്ക്ക് പരിചയപ്പെടുത്തേണ്ടതല്ലേ?

വിവേകവും വിജ്ഞാനവും വിശുദ്ധിയും നിറഞ്ഞ വൈദികർ സീറോ-മലബാർ സഭയ്ക്കുണ്ടാവണമെന്ന ആഗ്രഹത്തോടെ സഭയുടെ ആദ്യത്തെ സെമിനാരി മാന്നാനത്ത് അദ്ദേഹം സ്ഥാപിച്ച ചരിത്രം നാം പുതുതലമുറയ്ക്ക് പറഞ്ഞു കൊടുക്കേണ്ടതല്ലേ? തിരുക്കുടുംബഭക്തി വളർത്തുകയും നമ്മുടെ കുടുംബങ്ങളെ തിരുക്കുടുംബങ്ങളാക്കുവാൻ *ചാവരുൾ* എഴുതിയതും അദ്ദേഹമല്ലേ?

സീറോ-മലബാർ സഭയ്ക്ക് സ്വന്തമായി ഒരു മെത്രാൻ വേണമെന്നാഗ്രഹിക്കുകയും, സ്വന്തം ജാതിയിൽപ്പെട്ട ഒരു മെത്രാനെ ലഭിച്ചാൽ മാത്രമേ സഭയ്ക്ക് വിദേശഭരണത്തിൽനിന്ന് സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ എന്നും മനസ്സിലാക്കിയ ചാവറപ്പിതാവ് മാർപാപ്പ മുതലായ മേലധികാരികളെ ഇക്കാര്യം ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചതും നാം പുതിയ തലമുറയെ അറിയിക്കേണ്ടേ?

സീറോ-മലബാർ സഭയുടെ വളർച്ചയ്ക്കും സംരക്ഷണത്തിനുമായി അദ്ദേഹവുംകൂടി സ്ഥാപിച്ച ആദ്യത്തെ സന്യാസസഭയെക്കുറിച്ചും നാം പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കേണ്ടതല്ലേ? ആ സന്യാസസഭയല്ലേ വടക്കേ ഇന്ത്യയിൽ സീറോ-മലബാർ സഭയ്ക്ക് ആറ് മിഷൻ രൂപതകൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകിയത്? പമ്പയാറിനും ഭാരതപ്പുഴയ്ക്കുമിടയിൽ മാത്രം പ്രവർത്തനസ്വാതന്ത്ര്യമുണ്ടായിരുന്ന സീറോ-മലബാർ സഭയെ തെക്കൻ മിഷനിലേക്കും ഹൈറേഞ്ചിലേക്കും മലബാറിലേക്കും വളർത്തുവാൻ ഇറങ്ങിപ്പുറപ്പെട്ടത് ഈ സന്യാസസഭയല്ലേ?

സീറോ-മലബാർ സഭയെ വിദേശാധിപത്യത്തിൽനിന്ന് മോചിപ്പിക്കുവാനായി നടന്ന സമരങ്ങളുടെ പരിസമാപ്തി അദ്ദേഹത്തിന്റെ കബറിടം സ്ഥിതി ചെയ്യുന്ന മാന്നാനത്താണെന്ന് നസ്രാണി സമൂഹം മുഴുവൻ അറിയേണ്ടതല്ലേ?

നസ്രാണിസഭയെ വിദേശഭരണത്തിൽനിന്നും മോചിപ്പിച്ചെടുക്കുവാൻ പരിശ്രമിക്കുകയും അതി



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

നുവേണ്ടി ശക്തമായി പരിശ്രമിക്കുകയും, ഇക്കാരണത്താൽ തങ്ങൾ ഉൾപ്പെടുന്ന സന്യാസസഭയിൽനിന്നും വിദേശ മേലധികാരികളുടെ കല്പനയാൽ പുറത്താക്കപ്പെടുകയും ചെയ്ത ഏഴ് സന്യാസവൈദികരുടെ (ഏഴ് വ്യാകുലങ്ങൾ) കഥ മാന്നാനം കുന്നിലാണെന്ന് പുതിയ തലമുറ മനസ്സിലാക്കണം.

ഏഴ് വ്യാകുലങ്ങളുടെ ഹർജിക്ക് പിന്നാലെ സീറോ-മലബാർ സഭയുടെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിക്കപ്പെട്ട അഭിവന്ദ്യ മൗറീൻ മെത്രാന്റെ നേതൃത്വത്തിൽ മാന്നാനംകുന്നിൽ വച്ചുനടന്ന 'മാന്നാനം സൂനഹദോസിനെക്കുറിച്ച്' പുതിയ തലമുറ അറിയണം. അഭിവന്ദ്യ മൗറീൻ മെത്രാന്റെ സന്ദർശനത്തിനുശേഷം സീറോ-മലബാർ സഭയ്ക്ക് രണ്ട് രൂപതകൾ അനുവദിക്കപ്പെട്ടതിന്റെ ഔദ്യോഗിക വിളംബരം നടന്നത് മാന്നാനത്താണെന്ന് നാം പഠിപ്പിക്കണം.

ഇന്നത്തെ ചങ്ങനാശ്ശേരി രൂപതയുടെ ആദ്യത്തെ മെത്രാൻ അഭിവന്ദ്യ ലെവീഞ്ഞുമെത്രാന്റെ നിയമനരേഖ ആദ്യമായി പ്രഖ്യാപിച്ചതും അദ്ദേഹത്തിന് ആദ്യമായി സ്വീകരണം നല്കിയതും മാന്നാനത്താണെന്നും അദ്ദേഹത്തിന്റെ ആദ്യ വാസസ്ഥലം മാന്നാനം ആശ്രമമായിരുന്നുവെന്നും പുതിയ തലമുറയെ പറഞ്ഞു മനസ്സിലാക്കണം.

കത്തോലിക്കരുടെ ഏക ദിനപത്രമായ *ദീപിക*യും, കേരളക്രൈസ്തവരുടെ ആദ്യത്തെ കുടുംബമാസികയായ *കർമ്മലകുസുമ*വും ജന്മംകൊണ്ടത് മാന്നാനത്താണെന്ന് നാം പുതിയ തലമുറയെ അറിയിക്കണം.

മേലൂസ് ശീശ്മയ്ക്കെതിരെ പോരാടിയ സീറോ-മലബാർ സഭയുടെ രണ്ടാമത്തെ വികാരിജനറാൾ വന്ദ്യ പോരൂക്കര കുരിയാക്കോസ് ഏലീശാച്ചന്റെ കബറിടം മാന്നാനത്താണെന്നും അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ (AKCC) ജന്മം മാന്നാനത്താണെന്നും നാം വരും തലമുറയെ പഠിപ്പിക്കണം.

വി. അൽഫോൻസാമ്മ തനിക്ക് ചാവറപ്പിതാവിൽനിന്നും രോഗശാന്തി ലഭിച്ച സാക്ഷ്യപത്രം മാന്നാനത്ത് ഏൽപ്പിച്ചിട്ടുണ്ടെന്ന ചരിത്രവും നാം പുതിയ തലമുറയെ പരിചയപ്പെടുത്തണം. കേരളത്തിലാദ്യമായി തിരുഹൃദയത്തിരുനാൾ ആരംഭിച്ചതും, വി. യൗസേപ്പിന്റെ ഊട്ടുനേർച്ച ആരംഭിച്ചതും, കേരളത്തിലാദ്യമായി ഒരു വിശ്വാസപരിശീലനകേന്ദ്രം മാന്നാനത്താരംഭിച്ചതും, ആധുനിക സീറോ-മലബാർസഭയുടെ പിതാവ് എന്നറിയപ്പെടുന്ന ഫാ. പ്ലാസിഡ് സി.എം.ഐ. യുടെ ജന്മസ്ഥലം മാന്നാനത്താണെന്നും പുതുതലമുറ അറിയണം. മാന്നാനം പള്ളിയിലെ അൾത്താരക്ക് 'പ്രിവിലേജിയം' എന്ന പ്രത്യേക പദവി ഉണ്ടേയെന്നും ആ ദേവാലയത്തിൽ നടത്തപ്പെടുന്ന ദിവ്യബലികളിൽ സംബന്ധിച്ചാൽ പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുമെന്നും വിശ്വാസികൾ അറിയണ്ടേ?



ഇനിയുമെന്തെല്ലാം വസ്തുതകൾ... നമ്മെ കൈപിടിച്ച് നടത്തിയവരെയും, നമ്മൾ നടന്നുവന്ന വഴികളും നാം ഒരിക്കലും മറക്കരുത്.

കേരളം വിവിധ മതങ്ങളുടെയും ജാതികളുടെയും സമുദായങ്ങളുടെയും നാടാണ്. ഈഴവ സമുദായത്തിന് ശ്രീനാരായണ ഗുരു എങ്ങനെയോ, നായർ സമുദായത്തിന് ശ്രീ മന്നത്ത് പദ്മനാഭൻ എങ്ങനെയോ അങ്ങനെതന്നെയാണ് നസ്രാണിസമുദായത്തിന് ചാവറയച്ചൻ.

ചാവറപ്പിതാവ് അദ്ദേഹം സ്ഥാപിച്ച സന്യാസസഭയുടെ സ്വന്തമല്ല. ആ സന്യാസസഭ അങ്ങനെ കരുതുന്നുമില്ല. അദ്ദേഹം സീറോ-മലബാർ സഭയുടെ സ്വത്താണ്. ക്രൈസ്തവർക്ക് ഉയർത്തിക്കാട്ടുവാൻ ഒരൊറ്റ നവോത്ഥാന നായകൻ മാത്രമേയുള്ളൂ. അത് ചാവറയച്ചൻ മാത്രമാണ്.

ഓരോ രൂപതയും ഓരോ സഭകളായി സ്വയം ചിന്തിക്കുകയും പ്രവർത്തിക്കുകയും രൂപതാനേതൃത്വങ്ങളിലിരിക്കുന്നവർ ആ രൂപതകളുടെ നവോത്ഥാന നായകന്മാരായി ഒളിഞ്ഞും തെളിഞ്ഞും സ്വയം പ്രഖ്യാപിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുമ്പോൾ യഥാർത്ഥത്തിൽ അവരെ അവരാക്കിയവരെ മറക്കുക സ്വാഭാവികം.

ഇവിടെ ക്രൈസ്തവസഭ എന്നൊരു സഭയുണ്ടായിരുന്നെന്നും ഭാരതത്തിന്റെയും പ്രത്യേകിച്ച് കേരളത്തിന്റെയും വളർച്ചയിൽ വളരെ സജീവമായ പങ്കാളിത്തം നൽകുകയും ചെയ്തവരാണ് ക്രൈസ്തവർ എന്നും വരുന്ന തലമുറ ഓർക്കുകയും ചെയ്യണമെന്നുണ്ടേയെങ്കിൽ സഭയ്ക്കുവേണ്ടി അത്യദ്ധ്വാനം ചെയ്തവരെ, നമ്മെ നമ്മളാക്കിയവരെ മറക്കാതിരിക്കുക.

ഫലങ്ങൾ സമൃദ്ധമായി കൊയ്തെടുത്തോളൂ, പക്ഷേ ഫലം ചൂടുവാൻ അദ്ധ്വാനിച്ച വേരുകളെ മറക്കാതിരിക്കുക.

**പത്രാധിപർ**



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART